സെന്റ് ജോസഫ്സ് ഹൈസ്കൂൾ പുല്ലൂരാംപാറ

മനുഷ്യ

# അതേ അക്ഷരമാലകൾകൊണ്ട്...



# പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ

## അതെ അക്ഷരമാലകൾകൊണ്ട്

(Little kites)
2023-24

മാഗസിൻ

# എഡിറ്റോറിയൽ ബോർഡ്

അലീന സിൽബിൻ
അമേയ ജെയ്സൺ
മുഹമ്മദ് ഷാവിൽ
അൽബിയോൺ അനിഷ്
നിഹാദ് റോഷൻ
ടെസ്സ മരിയ സജി
അഥീബ ഷെറിൻ
ലോറ അഗസ്സിൻ
ഗോഡ്വിൻ ആൻഡ്രൂസ്
ജെറോം ടി. ജോൺസൻ

# സമർപ്പണം

പ്രവചനാതീതമായ മാറ്റങ്ങളിലൂടെ കുതിച്ചുപായുന്ന ഈ കാലഘട്ടത്തിൽ കാലത്തിനു മുമ്പേ സഞ്ചരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽ കൈറ്റ് ക്ലബ്ബ് നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നത്. ഒരു ചൂണ്ടുവിരൽ തുമ്പിൽ ലോകം പ്രത്യക്ഷമാകുന്ന നമ്മുടെ ഈ കാലഘട്ടത്തിലും ,വരാനിരിക്കുന്ന വിപ്ലവകരമായ സാങ്കേതിക ജ്ഞാനം ലോകത്തെ നാളെ എങ്ങനെയെല്ലാം മാറ്റിമറിക്കും എന്നതിനെക്കുറിച്ച് ഊഹിക്കാൻ കഴിയുന്നതിനും അപ്പുറമാണ്. അവിടെയാണ് ഹൈസ്കൂൾ കാലഘട്ടത്തിൽ തന്നെ സാങ്കേതികവിദ്യയുടെ പുതിയ പാഠങ്ങൾ ടെക്നോളജിയുടെ പുതിയ സങ്കേതങ്ങൾ പരിശീലിച്ചുവരുന്ന വിദ്യാർത്ഥികളുടെയും ലിറ്റിൽ കൈറ്റ്സിന്റെയും പ്രസക്തി പ്രകടമാകുന്നത്. ലോകത്തെ നയിക്കുന്ന പ്രകാശ വർഷ യുഗങ്ങൾ സ്വപ്നം കാണുന്ന ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ **അതെ അക്ഷരമാലകൾ** കൊണ്ട് കുറുക്കുന്നതാണ് സർഗാത്മകതയുടെ ഈ ഡിജിറ്റൽ മാഗസിൻ. പ്രോഗ്രാം നൽകാനാവാത്ത നിങ്ങളുടെ സ്നേഹം പ്രത്യാശയിൽ അർപ്പിച്ച് സമർപ്പിക്കട്ടെ

**"അതേ അക്ഷരമാലകൾ"** കൊണ്ട്.



*Dear Little Kits Club Members,*

*As the school manager of St. Joseph's HSS Pulluramparam, I want to extend my warmest wishes to each and every one of you. Your creativity, curiosity, and enthusiasm bring so much joy and vibrancy to our school community.Your dedication to the Little Kits Club and the production of your magazine is truly commendable. Through your writings, artwork, and ideas, you not only express yourselves but also inspire others around you.Continue to explore, learn, and create with boundless imagination. Remember that each page of your magazine is a testament to your talent and passion. Your voices matter, and your stories deserve to be heard.Keep shining brightly, Little Kits Club members. Your school community is proud of you, and we can't wait to see what wonders you'll uncover next.*

*Warm regards,*
*Fr.Sebastian Purayidathil*



*Dear Magazine Team Members,*

*As the headmaster of our esteemed institution, I am immensely proud of each and every one of you for your dedication and hard work in producing our school magazine. Your commitment to excellence and creativity is truly inspiring.Through your articles, artwork, and creative designs, you have captured the essence of our school community and showcased the talent and diversity within our student body. Your efforts have not only enriched our school culture but also provided a platform for expression and connection.*

*I want to express my heartfelt gratitude to each member of the magazine team for your tireless efforts and innovative contributions. Your teamwork, leadership, and passion have undoubtedly made a significant impact on our school community.Thank you for your outstanding contributions to our school magazine. I look forward to seeing the continued success and growth of our publication under your capable leadership.*

*With warmest regards,*
*Jolly Joseph*
*Head master*

# പുല്ലൂരാംപാറ- ചരിത്രനാൾവഴികളിലൂടെ

## ചരിത്രം

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലം. മഹായുദ്ധത്തിന്റെ കെടുതികൾ ലോകമെമ്പാടും പരക്കപ്പെട്ടു. ഭക്ഷ്യ വസ്തുക്കളുടെ ക്ഷാമം ആളിപ്പടർന്നു. ദിനംപ്രതി നിത്യോപയോഗസാധനങ്ങൾക്ക് ക്ഷാമം വന്നതോടെ ഭക്ഷ്യവസ്തുക്കളുടെ വില വർധിച്ചു വന്നു. ഈ സാഹചര്യത്തിലാണ് മധ്യതിരുവിതാംകൂറിലെ കർഷകർ മലബാറിലേക്ക് കുടിയേറ്റം തുടങ്ങിയത്. മലബാർ കുടിയേറ്റ ചരിത്രത്തിൽ മുൻതാളുകളിൽ സ്ഥാനം പിടിച്ചതാണ് തിരുവമ്പാടി മേഖലയിൽപ്പെടുന്ന പുല്ലൂരാംപാറ പ്രദേശത്തെ കുടിയേറ്റം. മദയാനയോടും മലമ്പനിയോടും വസൂരിയോടും കുടിയേറ്റകർഷകർ പടവെട്ടി. പ്രതികൂല കാലാവസ്ഥ പലപ്പോഴും കർഷകന്റെ അധ്വാനത്തെ നശിപ്പിച്ചു. പ്രതികൂല സാഹചര്യങ്ങളോട് പടപൊരുതി വിജയിച്ചു. കാടുകൾ കയ്യേറി. കുടിലുകൾ സ്ഥാപിച്ചു. കുടിയേറ്റകർഷകർ പുല്ലൂരാംപാറ



എന്ന പ്രദേശത്ത് വാസമുറപ്പിച്ചു. ഒരിക്കലും കീഴടങ്ങുകയില്ല എന്ന് വാശിപിടിച്ച വനഭൂമി കുടിയേറ്റ കർഷകരുടെ മുൻപിൽ മെരുങ്ങി. ആ മണ്ണിൽ അവർ കൃഷി ചെയ്തു. ആ വിത്തുകൾ നൂറുമേനി വിളവു നൽകി. മലബാറിന്റെ മലമടക്കുകളിൽ കുടിയേറ്റകർഷകർ പുതിയൊരു ആകാശവും ഭൂമിയും സൃഷ്ടിച്ചു. മഹത്തായ ആ അധ്വാനചരിത്രത്തിന്റെ വർണ്ണപ്പകിട്ടാർന്ന ഒരു അധ്യായമായിരുന്നു പുല്ലൂരാം പാറ കുടിയേറ്റം. പുല്ലൂരാംപാറ എന്ന പ്രദേശത്ത് കുടിയേറിയ കർഷകരാണ് ഇവിടുത്തെ പൂർവ്വികർ.പുല്ലൂരാംപാറയെ ഈ നല്ല സ്ഥിതിയിൽ എത്തിച്ചത് അവരാണ്.

## പുല്ലൂരാംപാറയെ കുറിച്ച് ഒരു നിഗമനം

കോഴിക്കോട് ടൗണിൽ നിന്നും 50 കിലോമീറ്റർ അകലെ പശ്ചിമഘട്ട താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് പുല്ലൂരാംപാറ. ഇത് കോഴിക്കോട് ജില്ലയിലും താമരശ്ശേരി താലൂക്കിലും പെടുന്നു. തിരുവമ്പാടി പഞ്ചായത്തിലും കോടഞ്ചേരി പഞ്ചായത്തിലും ഉൾപ്പെട്ട പ്രദേശങ്ങൾ പുല്ലൂരാംപാറ മേഖലയിലുണ്ട്. പുല്ലൂരാംപാറ എന്ന പ്രദേശത്തിന് സ്ഥാനനാമം എങ്ങനെ വന്നു എന്നതിനെക്കുറിച്ചുള്ള അറിവ് ഒരു രേഖകളിലും കേട്ടുകേൾവികളിലും ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും സമീപപ്രദേശങ്ങളുടെ വേരുകളെക്കുറിച്ച് ചില ഐതിഹ്യങ്ങൾ അറിയപ്പെടുന്നുണ്ട്. അതിലൊന്നാണ് തിരുവമ്പാടിയെ കുറിച്ചുള്ളത്.തിരുവമ്പാടി മേഖലയുടെ ജന്മി മണ്ണിൽ തറവാട്ടുകാരായിരുന്നു. ഈ തറവാട്ടിലെ ഒരു കാരണവർ പാട്ടം പിരിക്കുന്നതിനും മറ്റുചില ആവശ്യങ്ങൾക്കും ആയി പലപ്പോഴും കളപ്പുരയിൽ വന്നു താമസിച്ചിരുന്നു. ഒരു രാത്രി ഒരു ഓടക്കുഴൽ

നാദം കേട്ടു കാരണവർ പുറത്തിറങ്ങുകയുണ്ടായി. പുറത്തിറങ്ങി നോക്കിയപ്പോൾ കുറച്ചകലെ ഒരു പാറപ്പുറത്ത് ശ്രീകൃഷ്ണൻ ഓടക്കുഴൽ വായിക്കുന്നതും ചുറ്റിലും പശുക്കൾ നിൽക്കുന്നതും കാണുകയുണ്ടായി. പിറ്റേദിവസംതന്നെ കാരണവർ ശ്രീകൃഷ്ണ അമ്പലം സ്ഥാപിക്കാനുള്ള പണികൾ ആരംഭിച്ചു. അന്നുമുതൽ ഈ പ്രദേശം തിരുവമ്പാടി എന്നപേരിൽ അറിയപ്പെട്ടു. ഇതിനുമുൻപ് ഈ പ്രദേശം നായരുകൊല്ലി എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. പുല്ലും പാറക്കെട്ടുകളും നിറഞ്ഞ ഈ പ്രദേശത്തിന് പൂർവികർ പുല്ലരിയൻപാറ എന്ന് പേരിട്ടു. പിന്നീടത് പുല്ലൂരാംപാറ എന്നായിത്തീർന്നു.

# സെന്റ് ജോസഫ്സ് എയ്ഡഡ് യുപി സ്കൂൾ

1947 മുതൽ ഇവിടുത്തെ മണ്ണിന്റെ മേന്മ അറിഞ്ഞ് ആളുകൾ ക്രമേണ ഇങ്ങോട്ട് കുടിയേറ്റം ആരംഭിച്ചു. ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതിനും കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും 8 കിലോമീറ്ററിലധികം ദൂരമുള്ള തിരുവമ്പാടിയിൽ പോകുന്നത് വളരെ ക്ലേശകരമായിരുന്നു. അധ്വാനവും പരിശ്രമവും ധീരതയും കയ്യിലുള്ളവർ ഒത്തുചേർന്ന് അവരുടെ പ്രശ്നങ്ങൾക്ക് പോംവഴി ആരാഞ്ഞു അന്ന് തിരുവമ്പാടി പള്ളി വികാരിയായിരുന്ന ബഹുമാനപ്പെട്ട അത്തനേഷ്യസ് അച്ചന്റെ നേതൃത്വത്തിൽ പുല്ലൂരാംപാറയിൽ വിദ്യാലയവും ദേവാലയവും തുടങ്ങുന്നതിന് തീരുമാനിച്ചു. അതിന് ഇവിടെ കുടിയേറിയ കാരണവന്മാർ നേതൃത്വം നൽകി. 1952 ജൂൺമാസത്തിൽ വിദ്യാലയം പ്രവർത്തനമാരംഭിച്ചു. അങ്ങേവീട്ടിൽ ഈപ്പൻ, ചോക്കാട്ട് ഔസേപ്പ്, ടി പി കുര്യൻ, പുതിയാമഠത്തിൽ ജോസഫ്, എന്നിവർ ആദ്യകാല അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചു. അങ്ങേവീട്ടിൽ ഈപ്പൻ, ടി പി കുര്യൻ എന്നിവർ വിരമിച്ചതിനുശേഷം വി ടി ജോസഫ്, പി എസ് ചാക്കോ എന്നിവർ നിയമിതരായി. സർക്കാരിൽ നിന്ന് സഹായം ലഭിക്കാതിരുന്നതിനാൽ കമ്മറ്റിക്കാർ പിരിവെടുത്ത് അധ്യാപകർക്ക് ഒരു ചെറിയ വേതനം നൽകാൻ തുടങ്ങി. തുടർന്ന് വിദ്യാലയത്തിന് അംഗീകാരവും സഹായവും ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഫാ.അത്തനേഷ്യസ് സ്ഥലം മാറിപ്പോയി. പകരം ഫാദർ കെറൂബിൻ ആസ്ഥാനം ഏറ്റെടുത്തു. അക്കാലത്ത് മലബാർ മദ്രാസിന്റെ ഭാഗമായിരുന്നതിനാൽ വിദ്യാലയത്തിന്അംഗീകാരവും സഹായവും ലഭിക്കുവാൻ പരിശീലനം സിദ്ധിച്ച അധ്യാപകർ ആവശ്യമായി വന്നു.അതിനാൽ പുതിയാമഠത്തിൽ ജോസഫ്, ചോക്കാട് ജോസഫ് എന്നിവർക്ക് അധ്യാപകരായി തുടരുവാൻ കഴിഞ്ഞില്ല. 1952ൽ ഇ.സി പൊറിഞ്ചു പ്രധാന അദ്ധ്യാപകനായും വി ടി ജോസഫ്, പി എസ്സ് ചാക്കോ, കെ ജെ ചാക്കോ എന്നിവർ അധ്യാപകരുമായും ഒന്ന് രണ്ട്സ്റ്റാന്റേഡുകളിൽ പഠനമാരംഭിച്ചു. ആകെ 4 ക്ലാസുകളിലായി 141 വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പഠനം ആരംഭിച്ചു. സ്കൂളിന് അംഗീകാരവും സഹായവും ലഭിക്കുകയും ചെയ്തു. 1953ൽ വി എം തോമസും 1954ൽ വി.ടി താരുവും ഈ സ്കൂളിൽ അധ്യാപകരായി വന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചു. സ്വാഭാവികമായും സൗകര്യം പോരാതെ വരികയും ചെയ്തു. സ്കൂളിന് പുതിയ കെട്ടിടം ആവശ്യമായി വന്നു 1954ൽ 120 അടി നീളവും 24 അടി വീതിയുമുള്ള സ്കൂൾകെട്ടിടം നാട്ടുകാർ ചേർന്ന് സ്ഥാപിച്ചു. ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫാ.ബർത്തലോമിയോ സ്കൂൾ മാനേജരായി നിയമിതനായി. സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളിൽ അധികവും കാർഷികരംഗത്തും സാമൂഹിക സേവനരംഗത്തും ഔദ്യോഗികരംഗത്തും സജീവമായി പ്രവർത്തിക്കുന്നു. സ്കൂളിന്റെ പുരോഗതിക്കും പ്രശസ്തിക്കും വേണ്ടി ഇപ്പോഴും അവർ പ്രവർത്തിക്കുന്നു. ഇവരുടെ പ്രയത്നങ്ങളുടെ ഫലമായി ഇപ്പോൾ കുട്ടികൾക്ക് കളിക്കാനായി വിശാലമായ സ്കൂൾ ഗ്രൗണ്ടും പാർക്കും യാത്രാസൗകര്യത്തിനായി സ്കൂൾബസുകളും വിശാലമായ കമ്പ്യൂട്ടർലാബും മൾട്ടിമീഡിയ റൂമും തുടങ്ങി നിരവധി സജ്ജീകരണങ്ങൾ നിലവിൽ ഉണ്ട്. ഇപ്പോൾ ഈ സ്കൂളിൽ മുപ്പതിൽ അധികം അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. കായികരംഗത്തും ഇന്ന് സ്കൂൾ മുൻനിരയിലാണ്. ഇതിനുവേണ്ടി അധ്യാപകരും നാട്ടുകാരും കഠിനപ്രയത്നം നടത്തുന്നു.

# സെൻറ്. ജോസഫ്സ് ഹൈസ്കൂൾ പുല്ലൂരാംപാറ

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് കുട്ടികൾക്ക് തുടർന്ന് പഠിക്കണമെങ്കിൽ അടുത്ത് ഒരു സ്കൂൾ ഉണ്ടായിരുന്നില്ല. അത് അവരെയും നാട്ടുകാരെയും സങ്കടത്തിലാഴ്ത്തി. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്നത് നാട്ടുകാരുടെ ഒരു അഭിലാഷമായിരുന്നു. 1976ൽ ആണ് ഇതിനുള്ള പരിശ്രമങ്ങൾ സാക്ഷാത്കരിക്കപ്പെട്ടത്. ആ കാലഘട്ടത്തിൽ ഇടവക വികാരിയായിരുന്ന ഫാദർ. ഫിലിപ്പ് മുറിഞ്ഞകല്ലേലിന്റെ നേതൃത്വത്തിൽ നാട്ടുകാർ ത്യാഗങ്ങളും വേദനകളും പങ്കുവെച്ചതിന്റെ ഫലമാണ് ഇന്നത്തെ പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്കൂൾ. സ്കൂൾ നിർമാണത്തിന് നേതൃത്വം നൽകിയത് ആഗസ്തി നാട്ടുനിലത്തിൽ, ജോസഫ് താണ്ടാംപറമ്പിൽ, പി സി ചാണ്ടി പനച്ചിക്കൽ, കുര്യൻ തെങ്ങുമ്മൂട്ടിൽ, ലൂക്കോസ് കാഞ്ഞിരക്കാട്ട്, ഫ്രാൻസിസ്, വി ടി താരു മാസ്റ്റർ തുടങ്ങിയവരായിരുന്നു. സ്കൂൾ അനുവദിച്ചു കിട്ടുവാനായി പ്രയത്നിച്ചത് ഇവിടുത്തെ നിയമസഭാംഗമായ ശ്രീ സിറിയക് ജോൺ ആയിരുന്നു. ഈ സരസ്വതീക്ഷേത്രത്തിന്റെ ഉദ്ഘാടനം 1979 ഫെബ്രുവരി പതിനാറാം തീയതി നിർവഹിച്ചു. 1976-77 അധ്യയനവർഷത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചപ്പോൾ എട്ടാംക്ലാസിൽ 4 ഡിവിഷനുകളിലായി 81 ആൺകുട്ടികളും 92 പെൺകുട്ടികളും ഉൾപ്പെടെ 172 കുട്ടികളാണ് പഠനം ആരംഭിച്ചത്. 1979ൽ 86 കുട്ടികൾ ആദ്യബാച്ചിൽ എസ്എസ്എൽസി പരീക്ഷയ്ക്ക് ചേർന്നു. അവരിൽ 92% കുട്ടികളും പാസായി. 25 പേർ ഒന്നാം ക്ലാസ് നേടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിലും ഗണനീയമായ നേട്ടം പരീക്ഷാവിജയത്തിൽ കൈവരിക്കാൻ സ്കൂളിനു സാധിച്ചു.14 ക്ലാസ് മുറികളും 7 ക്ലാസുകൾ നടത്തുവാൻ സൗകര്യമുള്ള വിശാലമായഓഡിറ്റോറിയവും ചേർന്ന ഒരു മൂന്ന് നില കെട്ടിടമാണ് സ്കൂളിന് ഉള്ളത്. ഏതാണ്ട് പതിനായിരം രൂപയോളം ചിലവഴിച്ച് നിർമ്മിച്ച ഒരു സയൻസ് ലാബ് സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. പ്രൊജക്ടറും സ്ക്രീനുമുള്ള ഒരു സ്മാർട്ട് റൂമും സജീവമായ ഒരു കമ്പ്യൂട്ടർ ലാബും ഇന്ന് ഈ സ്കൂളിൽ നിലവിലുണ്ട്. 2018-19 അധ്യയനവർഷത്തിൽ സ്കൂളിലെ എല്ലാ ക്ലാസ്സുകളും ഹൈടെക് ക്ലാസുകളായി മാറി. സ്പോർട്സ് രംഗത്തും സ്കൂൾ മുൻനിരയിലാണ്. 2016ൽ ജി വി രാജ പുരസ്കാരം സ്കൂളിനെ തേടിയെത്തി. 2017-18 വർഷത്തെ സംസ്ഥാനത്തെ ഏറ്റവും മികച്ച രണ്ടാമത്തെ സ്കൂളിനുള്ള അവാർഡ് മനോരമയിൽ നിന്ന് മലബാർ സ്പോർട്സ് അക്കാദമിയുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങാൻ സാധിച്ചു. സ്പോർട്സ് രംഗത്ത് അപർണ്ണ റോയ്, തെരേസ ജോസഫ്, ലിസ്ബത്ത് കരോളിൻ ജോസഫ്, വിനിജ വിജയൻ, അർജുൻ തങ്കച്ചൻ, അനൂപ് തുടങ്ങിയവർ ദേശീയ അന്തർദേശീയ തലങ്ങളിൽ തിളങ്ങിയവരാണ്. പുല്ലൂരാംപാറ ഇന്ന് ഈ സ്കൂളിന്റെ പേരിലാണ് അറിയപ്പെടുന്നത്. അതിനാൽതന്നെ നാടിന്റെ വികസനത്തിൽ സ്കൂളിന് പ്രധാന സ്ഥാനം തന്നെയാണ് ഉള്ളത്.

കുടിയേറ്റത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ പുല്ലുരാംപാറയിൽ തങ്ങളുടെ വരും തലമുറയുടെ വിദ്യാഭ്യാസമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി എളിയരീതിയിൽ ഒരു കുടിപ്പള്ളിക്കൂടമായി സെന്റ്. ജോസഫ്സ് യു.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചെങ്കിലും ഉപരിപഠനത്തിനുള്ള സൗകര്യം ലഭ്യമാകുവാൻ ഈ ജനതക്ക് കുറെക്കാലംകൂടി കാത്തിരിക്കേണ്ടി വന്നു. തിരുവമ്പാടി നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്ന പി. സിറിയക് ജോണിന്റേയും അന്നത്തെ വികാരി ആയിരുന്ന ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലിന്റേയും ശ്രമഫലമായി 1976 ലാണ് പുല്ലുരാമ്പാറയിൽ ഹൈസ്കൂൾ അനുവദിക്കുന്നത്. 1976 ഫെബ്രുവരി 16-ആം തിയ്യതി സെന്റ്. ജോസഫ്സ് ഹൈസ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം തലശ്ശേരി രൂപതാ അദ്ധ്യക്ഷൻ മാർ. സെബാസ്ത്യൻ വള്ളോപ്പിള്ളി നിർവഹിച്ചു.

1976 ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ ആയിരുന്നു സ്കൂൾ മാനേജർ. ശ്രീ.പി.ടി. ജോർജ്ജ് പ്രധാനാദ്ധ്യാപകന്റെ ചാർജ്ജ് വഹിച്ചു.

എം,സി. ചിന്നമ്മ,പി.എ. ജോർജ്ജ്,എ.ടി. ത്രേസ്യാമ്മ, ടോമി സിറിയക്, എ. ജോർജ്ജ്കുട്ടി, അന്നക്കുട്ടി ജോസ്, ബേബി മാത്യു എന്നിവർ അദ്ധ്യാപകരായും എം.ടി. കൊച്ചാപ്പു, പി.വി. മറിയാമ്മ എന്നിവർ അനദ്ധ്യാപകരായും ജോലിയിൽ പ്രവേശിച്ചു. എട്ടാം ക്ലാസ്സിൽ നാലു ഡിവിഷനുകളിലായി 172 കുട്ടികളുമായാണ് സ്കൂൾ ആരംഭിച്ചത് . ആദ്യമായി അഡ്മിഷൻ നേടിയത് സി.കെ. ഗോപകുമാർ" എന്ന കുട്ടിയാണ്.1979 ൽ ആദ്യ എസ്.എസ്.എൽ.സി. ഫലം പുറത്തുവന്നപ്പോൾ 86 കുട്ടികളിൽ 84 പേരും വിജയിച്ച് 98 ശതമാനം വിജയം നേടാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു.

**തയ്യാറാക്കിയത്**

റീജ വി ജോൺ

മലയാള വിഭാഗം അധ്യാപിക


# അർച്ചന ഐ. എ. എസ്.

ഗാവി എന്ന ആദിവാസി കോളനിയിലെ പെൺകുട്ടിയാണ് അർച്ചന. ഗാവി കോളനിയിൽ വെട്ടമില്ല വെളിച്ചമില്ല. അത്യാവശ്യമായി ഒന്ന് ആശുപത്രിയിലേക്കോ സാധനം വാങ്ങാനോ പോകണമെങ്കിൽ നാല് കിലോമീറ്റർ നടന്നു വേണം ബസ് പിടിക്കാൻ. രാത്രിയായാൽ ആനയും കുറുക്കനെയും കരടിയെയും ഒക്കെ പേടിച്ച് വേണം ജീവിക്കാൻ. വിദ്യാഭ്യാസത്തിന്റെ കാര്യം. ഗാവി കോളനിയിലുള്ള ആർക്കും തന്നെ വിദ്യാഭ്യാസമില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത പറഞ്ഞുകൊടുക്കാൻ അവർക്ക് ആരുമില്ലായിരുന്നു. അതുകൊണ്ടുതന്നെ അടുത്ത തലമുറയ്ക്ക് വിദ്യാഭ്യാസം വേണം എന്ന് അവർക്കറിയില്ലായിരുന്നു. എങ്കിലും തങ്ങൾക്ക് ലഭിക്കാതെ പോയ വിദ്യാഭ്യാസം എന്ന അമൃതിനെ തന്റെ മക്കൾക്കെങ്കിലും നൽകണമെന്ന് ആഗ്രഹമുള്ളവർ ഉണ്ടായിരുന്നു. അങ്ങനെയുള്ള മാതാപിതാക്കളുടെ മകളാണ് അർച്ചന. അർച്ചനയുടെ അച്ഛൻ വേലായുധന് കൂലിപ്പണിയാണ്. അമ്മ സീതയ്ക്ക് ജോലിയൊന്നുമില്ല. പിന്നെയുള്ളത് അനിയനാണ് അനിയൻ. അങ്കിത്. അങ്കിത്ത് നാലാം ക്ലാസ്സ് പഠിക്കുന്നു. ഇരുവരും കുറച്ച് അകലെയുള്ള ഒരു ഗവൺമെന്റ് യുപി സ്കൂളിലാണ് പഠിക്കുന്നത്. അച്ഛന്റെയും അമ്മയുടെയും കഷ്ടപ്പാട് അറിഞ്ഞാണ് അർച്ചനയും അനിയനും വളർന്നു വരുന്നത്. ആദിവാസി എന്ന പേരിൽ സ്വന്തം സ്കൂളിൽ നിന്ന് പോലും അവഗണന ലഭിച്ചിട്ടുണ്ട്. അപ്പോഴൊക്കെ നിശ്ചയദാർഢ്യത്തിന്റെ ഒരു തീപ്പൊരി അവരുടെ മനസ്സിൽ ഉണ്ടായിരുന്നു. സ്കൂളിലൊക്കെ അധ്യാപകൻ ആരാകണം എന്ന് ചോദിക്കുമ്പോൾ അശേഷം സംശയമില്ലാതെ അവൾ പറയും. ഐഎഎസ് ഓഫീസർ. തന്റെ ആഗ്രഹം മാതാപിതാക്കളോട് പറഞ്ഞപ്പോൾ നമ്മൾ പാവങ്ങളിലെ നമ്മളെക്കൊണ്ട് ഇതൊക്കെ പറ്റുമോ? ഇതൊക്കെ പണക്കാർക്കുള്ളതാണ് എന്നൊന്നുമല്ല അവർ പറഞ്ഞത്. " നിന്റെ ആഗ്രഹം അത്രയ്ക്ക് ഉറപ്പുള്ളതാണെങ്കിൽ തങ്ങൾ എന്ത് ചെയ്യാനും തയ്യാറാണ്" എന്നാണ് മാതാപിതാക്കൾ പറഞ്ഞത്. ഒരു ദിവസം തന്റെ ദേശത്തെ എന്തോ ഒരു പ്രശ്നം പരിഹാരത്തിന് ജില്ലാ കലക്ടർ വന്നു. അന്ന് കളക്ടർക്ക് കിട്ടിയ ആദരവും ബഹുമാനം കണ്ടപ്പോൾ മുതൽ അർച്ചനയുടെ മനസ്സിൽ അണപൊട്ടിയതാണ് ഈ ആഗ്രഹം. അപ്പോൾ മുതൽ അതിനായുള്ള പരിശ്രമം അവൾ തുടങ്ങി.

വർഷങ്ങൾ കടന്നുപോയി അർച്ചന പത്താം ക്ലാസ് ഫുൾ എ പ്ലസ്സ് കൂടി വിജയിച്ചു. പ്ലസ്ടുവിൽ സയൻസ് എടുത്തു 90% മാർക്ക് മേടിച്ചു. അവളുടെ നിശ്ചയദാർഢ്യവും പഠിക്കാനുള്ള ആഗ്രഹം കണ്ടു പലരും പഠിക്കാനുള്ള പണവും മറ്റു സ്പോൺസർ ചെയ്തു. അങ്ങനെ അവൾ ബി എ എക്കണോമിക്സിൽ ഡിഗ്രി എടുത്തു. നല്ല മാർക്കോടെ വിജയിച്ചു. ഇത്രയും വർഷമായിട്ടും അവളുടെ ഉള്ളിലെ ഐഎഎസ് എന്ന അഗ്നി അണഞ്ഞില്ല.ഇതിനുശേഷം ഐഎസിനുള്ള കോച്ചിങ്ങിന് അവൾ പോയി. പലരോടായി കടം മേടിച്ചാണ് കോച്ചിങ്ങിന് മാതാപിതാക്കൾ അവളെ വിട്ടത്. ആ കടമൊക്കെ തന്റെ മകൾ വീട്ടും എന്ന വിശ്വാസത്തോടെ. നാളുകൾ കടന്നുപോയി അവളുടെ ജീവിതത്തിലെ ആ നിർണായക ദിവസം വന്നു. "യു പി എസ് സി എക്സാം" രാവിലെ തന്നെ അച്ഛന്റെ അമ്മയുടെ അനുഗ്രഹം മേടിച്ച് അവളിറങ്ങി. എക്സാം കുഴപ്പമില്ല എന്ന് അവർക്ക് തോന്നി. ദിവസങ്ങൾ കടന്നുപോയി എക്സാം റിസൾട്ട് വന്നു. അവൾ പ്രതീക്ഷിച്ചതുപോലെ മാർക്ക് അവൾക്കുണ്ടായില്ല. ലക്ഷങ്ങളിലാണ് അവളുടെ റാങ്ക്. ആദ്യ പരിശ്രമത്തിൽ തോറ്റുപോയവൾ മാനസികമായി തളർന്നു പോയേക്കാം എന്ന് കണ്ട അവളുടെ അച്ഛനും അമ്മയും അവളെ പ്രചോദിപ്പിച്ചു. അങ്ങനെ അവൾ രണ്ടാമതായി എക്സാം എഴുതാൻ തീരുമാനിച്ചു. ഉറക്കു മറ്റും കുറച്ച് ഒരു ദിവസത്തിന്റെ മുക്കാലും ത ആഗ്രഹത്തിനായി പരിശ്രമിച്ചു. അവളുടെ മനസ്സിലെ അഗ്നി വീണ്ടും വീണ്ടും ആളിക്കത്തി. പരീക്ഷ എഴുതാനുള്ള ദിവസം വന്നു. എക്സാം എഴുതാൻ അവൾ ഇറങ്ങി. പരീക്ഷാഹാളിൽ തെല്ലുംഭയോമോ ടെൻഷനും ഇല്ലാതെ അവൾ എക്സാം എഴുതി. നന്നായിത്തന്നെ എക്സാമിൽ സാധിച്ചു.

കാത്തിരുന്ന റിസൾട്ട് വന്നു. ആദ്യ പരിശ്രമത്തിൽ റാങ്ക് ലിസ്റ്റിൽ ലക്ഷ്യങ്ങളിൽ കിടന്ന് അവൾ രണ്ടാമത്തെ പരിശ്രമത്തിൽ ലിസ്റ്റി 13 റാങ്ക്. സന്തോഷം അടക്കാൻ ആയില്ല അവൾക്കും അവളുടെ കുടുംബത്തിനും. അത് അവളുടെ മാത്രം സന്തോഷമായിരുന്നില്ല അ നാട്ടിലെ ഓരോ മനുഷ്യന്റെ സന്തോഷമായിരുന്നു. ഇനി ഇന്റർവ്യൂ. ഇന്റർവ്യൂവിന് അവൾ അവളുടെ മികച്ച പ്രകടനം കാഴ്ചവച്ചു. സെലക്ടഡ് കാൻഡിഡേറ്റ്സിൽ അവളുടെ പേരുണ്ട്. ഇപ്പോൾ അവളൊരു ഐഎഎസ് ഓഫീസർ ആണ്. വൈകാതെ തന്നെ അവൾ ഒരു ജില്ലയുടെ സബ് കളക്ടറും ആയി.

താഴ്മയിൽ നിന്ന് വന്ന ഒരു പെൺകുട്ടി. ചെറുപ്പത്തിൽ കണ്ട ഒരു കാഴ്ച അവളുടെ ജീവിതത്തിലെ സ്വപ്നമായി മാറി. ആ സ്വപ്നം അവ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. അവളെപ്പോലുള്ള ഓരോ കുട്ടിക്കും അർച്ചന ഐ എ എസ് ഒരു മാതൃകയാണ്. പരിശ്രമം കൊണ്ടും നേടാനാവാത്തതായി ഒന്നുമില്ല.........



അലീഷാ ഷാജു
IX C

# ആനയും തയ്യൽക്കാരനും

പണ്ട് പണ്ട് ഒരിടത്ത് ഒരു ആന ഉണ്ടായിരുന്നു. ആന ദിവസവും കുളിക്കാനായി കുളത്തിൽ പോകും. പോകുന്ന വഴിക്ക് ഒരു തയ്യൽക്കട ഉണ്ടായിരുന്നു. തയ്യൽ കടയിലെ തയ്യൽക്കാരൻ ആനയ്ക്ക് ദിവസവും പഴം കൊടുക്കും. ഒരു ദിവസം ഈ തയ്യൽക്കാരന് ഒരു തമാശ തോന്നി. ഈ ആനയെ ഒന്ന് പറ്റിക്കാം എന്ന് വിചാരിച്ചു. അപ്പോൾ തയ്യൽക്കാരന്റെ കടയിൽ എത്തിയപ്പോൾ ആന ദിവസവും ഉള്ളതുപോലെ തുമ്പിക്കൈ നീട്ടി. തുമ്പിക്കൈ നീട്ടിയപ്പോൾയപ്പോൾ തയ്യൽ കടക്കാരൻ സൂചി വെച്ച് തുമ്പിക്കൈക്ക് ഒരു കുത്ത് കൊടുത്തു. പാപം ആന. ആനയ്ക്ക് വേദനിച്ചു. ആനയ്ക്ക് ദേഷ്യം വന്നു ആന ഒന്നും മിണ്ടിയില്ല. ആന മിണ്ടാണ്ട് നടന്നുപോയി. എന്നിട്ട് കുളത്തിലേക്ക് കുളിക്കാൻ പോയി. തിരിച്ചു വരുന്ന വഴിക്ക് ആന തുമ്പിക്കൈ നിറച്ച് വെള്ളം എടുത്തിട്ട് വന്നു. തയ്യൽക്കാരന്റെ കടയിലേക്ക് വെള്ളം അങ്ങ് ചീറ്റി കൊടുത്തു. തയ്യൽക്കാരന്റെ തുണിയും കടയും എല്ലാം നനഞ്ഞു.

**ഗുണപാഠം: ആരെയും ഉപദ്രവിക്കരുത്**

എൻറെ കഥ ശേഖരത്തിൽ നിന്ന്

അമെന്റ അഗസ്റ്റിൻ-IX B

# ഭൂകേന്ദ്രത്തിലേക്ക് ഒരു യാത്ര

ജൂൾസ് വേർണെ : രചയിതാവ്

ഭൂമിയിലെ അത്യുന്നതങ്ങളായ  കൊടുമുടികളും ആകാശഗോളങ്ങളും കീഴടക്കാനുള്ള പരിശ്രമങ്ങളിൽ മനുഷ്യൻ വിജയം വരിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയുടെ ഉള്ളറ തേടിയുള്ള യാത്രയുടെ കാര്യത്തിൽ മനുഷ്യൻ വലിയ നേട്ടം കൈവരിച്ചിട്ടില്ല. അഗ്നിപർവത മുഖത്തിലൂടെ ഭൂമിയുടെ കേന്ദ്രത്തിലേക്ക് നടത്തിയ യാത്രയാണിത്.

ആൻപ്രിയ ഷിജു -IX D

# കൗമാര രാഷ്ട്രീയം

മനുഷ്യ ജീവിതത്തിൽ ബാല്യത്തിനും യൗവനത്തിനും ഇടയ്ക്കുള്ള ശാരീരികവും മാനസികവുമായ സങ്കീർണ്ണ പരിവർത്തന കാലഘട്ടമാണ് കൗമാരം. സാമൂഹിക ബോധമുള്ള തലമുറയെ വാർത്തെടുക്കാനും ജനാധിപത്യഘടന കെട്ടുറപ്പോടെ നിലനിൽക്കാനും കൗമാരത്തിൽ കലാലയങ്ങളിൽ രാഷ്ട്രീയം അനിവാര്യമാണ് യുവത്വം തുളുമ്പുന്ന ഒരു വിദ്യാർഥിക്ക് രാഷ്ട്രബോധവും രാഷ്ട്രീയ ബോധവും വേണമെന്ന് കാര്യത്തിൽ പക്ഷമില്ല എന്നാൽ പഠനം മറന്ന വിദ്യാർഥി രാഷ്ട്രീയത്തിന്റെ മറപിടിച്ച് സഹോദര തുല്യനായ തൻറെ സഹപാഠിയെ പോലും ദയാ ദാക്ഷിണ്യമില്ലാതെ തല്ലുകയും കൊല്ലുകയും ചെയ്യുന്ന രാഷ്ട്രീയത്തെ അംഗീകരിക്കാൻ ആവില്ല വായനയിലൂടെയും മൗനത്തിലൂടെയും താത്വികവും ഭൗതികവുമായ അറിവും അതിൻറെ വ്യാപ്തിയും നേടേണ്ട പ്രസരിപ്പിന്റെ കാലത്ത് തെരുവിലും അക്ഷരമുറ്റത്തും അക്രമം വിളയാടുമ്പോൾ നഷ്ടപ്പെടുന്നത് പൊതുമുതലുകൾ മാത്രമല്ല അവരവരുടെ സ്വത്വബോധവും നാളെയുടെ പ്രതീക്ഷകളുമാണ്

വർഗീയതയും വംശീയതയും മതിക്കാത്ത കർമ്മപഥത്തിന്റെ പരിശീലന കളരിയാണ് നമ്മുടെ വിദ്യാലയങ്ങളും കലാലയങ്ങളും അവിടെ മൊട്ടിടേണ്ടത് തലമുറകളുടെ സൗഹൃദമാണ് അവിടെ കൈവരിക്കേണ്ടത് ഭൗതിക അടിത്തറയാണ് അവിടെ രൂപപ്പെടേണ്ടത് അവനവൻറെ സ്വത്വബോധവും സാമൂഹികബോധവും ആണ് അവിടെ പ്രഖ്യാപിക്കപ്പെടേണ്ടത് അവരവരുടെ രാഷ്ട്രബോധമാണ് രാഷ്ട്രീയവും പൊതുബോധവും ഉടലെടുക്കേണ്ടത് അങ്ങനെ നാളെയുടെ സ്വപ്നങ്ങൾ ചുമലിലേറ്റിയ നമ്മുടെ വിദ്യാർത്ഥികൾ കൗമാരക്കാർ രാഷ്ട്രബോധം ഉള്ളവരാകട്ടെ.

സൗമ്യ ഡൊമിനിക് സാമൂഹ്യശാസ്ത്ര വിഭാഗം അധ്യാപിക







# ഒറ്റപ്പെടൽ

കരുണാകരൻ ചേട്ടന് വയസ്സ് 69. ഈ ജൂണിൽ 70 വയസ്സാകും. കരുണാകരൻ ചേട്ടന് അഞ്ചു മക്കളാണ് ഉള്ളത്.മൂന്ന് ആണമക്കളും രണ്ടു പെൺമക്കളും. ഭാര്യ ശാന്തമ്മ മരിച്ചിട്ടു രണ്ടു വർഷമായി. ഭാര്യ ശാന്തമയുടെ ഓർമയാണ് കരുണാകരൻ ചേട്ടന് ആ വീട്ടിൽ കൂട്ട്. മക്കളെ ഒക്കെ നന്നായി പഠിപ്പിച്ചു നല്ല ജോലിമേടിച്ചുകൊടുത്തു.മൂന്നുമക്കൾ വിദേശത്താണ് ബാക്കി രണ്ടു പേർക്കും സർക്കാർ ജോലിയാണ്.ചിലവിനായി മക്കൾ കാശ്  അയച്ചുകൊടുക്കും. അല്ലാതെ ഒന്നു വിളിക്കപോലും ചെയ്യില്ല. അങ്ങനെയിരിക്കെ വിദേശത്തുള്ള മൂന്ന് മക്കളും ലീവിന് വരുവാണെന്നു വിളിച്ചു പറഞ്ഞു. അപ്പോഴാണ് കരുണാകരൻ ചേട്ടന്റെ ചിന്തിച്ചത് തനിക്കു വയസ്സായി വരുകയാണ് ഇനി തനിക്കു സ്വത്തിന്റെ ഒക്കെ ആവശ്യം എന്താണ് അഞ്ചു മക്കൾക്കും തുല്യമായി വീതിച്ചു കൊടുക്കാം. അഞ്ചു മക്കളോടും കരുണാകരൻ ചേട്ടന്റെ ഈ കാര്യം അവതരിപ്പിച്ചു.മക്കൾക്കെല്ലാം സന്തോഷം. മക്കൾക്കു സ്വത്തിനോട് ഒട്ടും ആഗ്രഹമില്ലാത്തതിനാൽ അവർ സ്വത്തു കിട്ടുന്നതിന് മുന്നേ തന്നെ തർക്കം തുടങ്ങി. അച്ഛനെ അവർ അഞ്ചുപേരും ഒരുപോലെ നോക്കാൻ തീരുമാനിച്ചു. അവർ അഞ്ചു പേരും അച്ഛനെ നന്നായി നോക്കി ആ ദിവസം വരെ. അതെ സ്വത്തു ഭാഗം വച്ച അന്ന് വരെ. അതു കഴിഞ്ഞു അദ്ദേഹത്തെ ആരും നോക്കിയില്ല. അങ്ങനെ ആ വീട്ടിൽ കരുണാകരൻ ചേട്ടനും ഭാര്യ ശാന്തമ്മയുടെയും ഓർമ്മകൾ തനിച്ചായി...

അലിഷ

# ശുഭചിന്ത

ജീവിതം ഒരു കടൽ പോലെയാണ്
തിരമാലകൾ ആഞ്ഞടിച്ച് പോകുന്നത് പോലെ പല
സന്ദർഭങ്ങളും കടന്നുപോകും
പലതും നമുക്ക് നഷ്ടമായേക്കാം
എന്നാൽ ആ തിരമാലകൾക്കിടയിലൂടെ
പുതിയ ലക്ഷ്യം തേടി പോകുന്നവയാണ്
മത്സ്യങ്ങൾ അവയെ പോലെയാവണം നമ്മളും

നഷ്ടമായതിനെക്കുറിച്ച്
ദുഃഖിതനാവാതെ പുതിയ നേട്ടങ്ങളെ തേടി
കുതിച്ചുയരാൻ നമുക്ക് സാധിക്കണം
അവിടെയാണ് ജീവിതം വിജയിക്കുന്നത്

അഖില രാധാകൃഷ്ണൻ
IX C



# Tomato juice's antimicrobial properties can kill Salmonella

New research shows that tomato juice can kill Salmonella Typhi and other bacteria that can harm people's digestive and urinary tract health.

Salmonella Typhi is a deadly human-specific pathogen that causes typhoid fever. The researchers checked to see if tomato juice really does kill Salmonella Typhi .

Once they ascertained it did ,the team looked at the tomato's genome to find the antimicrobial peptides that were involved. Antimicrobial peptides are very small proteins that impair the bacterial membrane that keep them as intact organisms

the researchers chose 4 possible antimicrobial peptides and tested how well they worked against Salmonella Typhi .This helped them find 2 antimicrobial peptides effective against Salmonella Typhi.

The research team conducted more New research shows that tomato juice can kill Salmonella Typhi and other bacteria that can harm people's digestive and urinary tract health.

Salmonella Typhi is a deadly human-specific pathogen that causes typhoid fever. The researchers checked to see if tomato juice really does kill Salmonella Typhi .

Once they ascertained it did ,the team looked at the tomato's genome to find the antimicrobial peptides that were involved. Antimicrobial peptides are very small proteins that impair the bacterial membrane that keep them as intact organisms


the researchers chose 4 possible antimicrobial peptides and tested how well they worked against Salmonella Typhi .This helped them find 2 antimicrobial peptides effective against Salmonella Typhi.

The research team conducted more tests on Salmonella Typhi variants that appear in places where the disease is common .Lastly,they looked at how well tomato juice worked against other enteric pathogens that can hurt people's digestive and urinary tract health.

The most significant discovery is that tomato juice is effective in eliminating Salmonella Tophi, its hypervirulent variants,and other bacteria that can harm people’s digestive and urinary tract health In particular,2 antimicrobial peptides can eliminate these pathogens by impairing the bacterial membrane, a protective layer that surrounds and pathogen.

The researchers said they hope that when general public,particularly children and teenagers, learns about the outcome of the study, they will want to eat and drink more tomatoes as well as other fruits and vegetables because they provide natural anti bacterial benefits to consumers.


-Sr. Selma SABS


the red rose
and
THE Nightingale
LOVE

# ഓർമ്മയുടെ തളിർനാമ്പുകൾ

ഓർമ്മകൾ പങ്കുവെക്കാൻ പോലും
എനിക്കാവുന്നില്ല
ഈ
നിമിഷത്തിൽ
പൂർണത കൈവരുമ്പോഴും
ഒരു വൃക്ഷം
വീണ്ടും തന്റെ ഇലകൾ കൊഴിക്കുന്നു.
അടുത്തൊരു വസന്തത്തെ വരവേൽക്കാൻ.....
പുതുപ്രതീക്ഷയുടെ തളിർനാമ്പുകൾ
വീണ്ടും ആരംഭിക്കുന്നു.....

Avanika Retheesh
8C



Niranjana.C.Mohanan
8C

# കുടുംബം സ്വർഗമാണ്........

രേവതിക്കും രാഹുലിനും ഒറ്റ മകളാണ്. പേര് മേഘ. മിടുക്കി കുട്ടിയാണ്. അച്ഛനെയും അമ്മയെയും മേഘയ്ക്ക് ഭയങ്കര ഇഷ്ടമാണ്. രേവതിക്കും രാഹുലിനും ജോലി ഉണ്ട്. രാവിലെ പോയാൽ ചില ദിവസങ്ങളിൽ രാത്രി ആകും രണ്ടാളും വീട്ടിൽ എത്താൻ. മേഘയുടെ കൂടെ ഇത്തിരി നേരം ഇരിക്കാൻ പോലും അവർക്ക് സമയം ഇല്ല. അത് മേഘയ്ക്ക് ഭയങ്കര വിഷമം ആണ്. ഒരു ദിവസം അവരെല്ലാം പുറത്ത് ഭക്ഷണം കഴിക്കാൻ പോയി. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ രാഹുലിന് ഓഫീസിൽ നിന്ന് കാൾ വന്നു. അത്യാവശ്യമായി രാഹുലിന് ഓഫീസിൽ പോകണം, മേഘയെയും രേവതിയെയും വീട്ടിൽ ആക്കി രാഹുൽ ഓഫീസിൽ പോയി. പുറത്ത് നിന്ന് ഭക്ഷണം കഴിക്കാൻ പറ്റാതിരുന്നത് മേഘയ്ക്കു വിഷമം ആയി. ഒരിക്കൽ മേഘയ്ക്ക് സ്കൂളിൽ നിന്ന് സമ്മാനം കിട്ടി. അത് വീട്ടിൽ കാണിക്കാൻ സന്തോഷത്തോടെ ആണ് അവൾ വന്നത്. എന്നാൽ അച്ഛനും അമ്മയും നല്ല തിരക്കിൽ ആയിരുന്നു. സമ്മാനം കിട്ടിയത് അവരെ കാണിച്ചപ്പോൾ അവർ അത് കാര്യം ആക്കിയില്ല. മേഘയ്ക്കു ഇതെല്ലാം നല്ല വിഷമം ആയി. മേഖയ്ക്കു എന്തോ നല്ല വിഷമം ഉണ്ട് എന്ന് അവളുടെ ടീച്ചർക്ക് മനസിലായി, ടീച്ചർ മേഘയോട് കാര്യങ്ങൾ ചോദിച്ചു മനസിലാക്കി. അവളുടെ അച്ഛനെയും അമ്മയെയും ടീച്ചർ വിളിച്ചിരുന്നു. അവരോട് പറഞ്ഞു : ജോലിയിൽ ആത്മാർത്ഥ കാണിക്കുന്നത് നല്ലതാണ്, എന്നാൽ ജോലി തിരക്കിനിടയിൽ നിങ്ങളുടെ മകളെ കൂടി നിങ്ങൾ പരിഗണിക്കണം, അവളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞു ചെയേണ്ടത് നിങ്ങളുടെ കടമ ആണ്. നിങ്ങൾ അവൾക്കായി കുറച്ചു സമയം മാറ്റി വയ്ക്കണം. അവർക്ക് കാര്യങ്ങൾ മനസിലായി. അന്ന് മുതൽ മേഘയ്ക്കായി അവർ സമയം കണ്ടെത്തി. അത് മേഖയ്ക്കും സന്തോഷമായി. രാഹുലിനും രേവതിക്കും ഒരു കാര്യം കൂടി മനസിലായി, കുടുംബത്തിൽ എല്ലാരും കുറച്ചു സമയം കൂടി ഇരുന്ന് വിശേഷങ്ങൾ എല്ലാം പറയുമ്പോൾ ഒരു പ്രത്യേക ഫീൽ ആണ്. അപ്പോഴാണ് കുടുംബം ഒരു സ്വർഗം ആയി തീരുന്നത്.



Aleena silbin
8B



# പഴത്തിന്റെ കുരു

മൂന്നാം ക്ലാസിൽ പഠിക്കുന്ന ഉണ്ണിമോൾക്ക് ഒരു ദിവസം ഭയങ്കര പനിയും ജലദോഷവും വന്നു. അപ്പോൾ അമ്മ നോക്കിയപ്പോൾ അലമാരിയിൽ "പാരസെറ്റമോൾ സിറപ്പ്" ഇല്ല.പകരം പാരസെറ്റമോൾ ഗുളിക മാത്രമേ ഉള്ളൂ. ഉണ്ണിമോൾക്ക് ഗുളിക കഴിക്കാൻ ഇഷ്ടമില്ലാത്തതിനാൽ അമ്മ ഒരു സൂത്രം പ്രയോഗിച്ചു. ഒരു നല്ല ചെറുപഴം എടുത്തിട്ട് പതിയെ അതിന്റെ ഉള്ളിലേക്ക് ആ പാരസെറ്റമോൾ ഗുളിക ഇറക്കിവച്ചു. എന്നിട്ട് ഉണ്ണി മോൾക്ക് കൊടുത്തു. പഴം തിന്നു കഴിഞ്ഞപ്പോൾ അമ്മ ചോദിച്ചു "മോളെ പഴം എങ്ങനെ ഉണ്ടായിരുന്നു?" മോള് പറഞ്ഞു നല്ലതായിരുന്നു പക്ഷേ അതിലെ കുരു കൈപ്പ് ആയതിനാൽ ഞാനത് എറിഞ്ഞു കളഞ്ഞു എന്നിട്ട് പഴം മാത്രം തിന്നു

മായ സജി

VII C

# हाइकु कविता

जापानी हाइकु कवि बाशो की हाइकु कविता

भोर होते ही
मरिज़दों में खिलते
श्वेत कलम।

सारी सृष्टि में
विखरे हैं यत्र तत्र
हाइकु सर्वत्र ।

हुई सुबह
सृष्टि करने लगी
स्वस्तिावजन


ANN PRIYA SHIJU
IX D



# ജീവിതമാകുന്ന കണ്ണുനീർ

കണ്ണീർ താഴ്‌വരയിലൂടെ ഞാൻ
നെഞ്ച്ചിൽ നെടുവീർപ്പുമായി
കണ്ണുനീർ വെള്ള പകർച്ചയായി
തൂവെള്ളയായെൻ കണ്ണുനീർ
എന്നുള്ളിലെ ഒരുതരി കണ്ണുനീർ പൊഴിയവേ
എന്നുള്ളിൽ നിന്നും ഒരുതരി ഉയിർ പൊഴിയവേ
എൻ മിഴിയിൽ നിന്ന് പൊഴിയുന്ന കണ്ണുനീർ
ഒരു കവിത എന്നതുപോലെ എൻ കണ്ണീർ
തുളുമ്പുന്നു വിണ്ണിൽ
ഒരു ചെറുപുഞ്ച്ചിരിക്ക് കഴിയും
എൻ കണ്ണുനീർ മായ്ക്കാൻ
എൻ ഒരു തരി കണ്ണുനീർ
എൻ ജീവനേക്കാൾ വലുതാണ്
എൻ നിഴലു പോലെയാണെൻ കണ്ണുനീർ
എൻ ചിത്തം തുളുമ്പുകയാണിവിടെ
വിങ്ങുകയാണെൻ മനസ്സ്
ഒരു കണ്ണുനീർ പൊഴിക്കാൻ
സ്വപ്നത്തിൽ അലിയുന്നവൻ കണ്ണുനീർ
ജീവിതമാകെ ചെറുപുഞ്ചിരിയായി
ഇപ്പോഴും എൻ കണ്ണുനീർ
കടലുപോലെയൊഴുകുന്നു...





# एक सवाल

आओ, पूछें एक सवाल
मेरे सिर में कितने बाल ?
कितने आसमान में तारे ?
बतलाओ या कह दो हारे !
नदियाँ क्यों बहती दिन-रात ?
चिड़ियाँ क्या करती हैं बात ?
क्यों कुत्ता बिल्ली पर धाए ?
बिल्ली क्यों चूहे को खाए ?
फूल कहाँ से पाते रंग ?
ऐसा क्यों ?
रहते क्यों न जीव सब संग ?
बादल क्यों बरसाते पानी ?
लड़के क्यों करते शैतानी ?
नानी की क्यों सिकुड़ी खाल ?
अजी, न ऐसा करो सवाल !
यह सब ईश्वर की माया है,
इसको कौन जान पाया है ?

Ann Priya Shiju
IX D







# SHE / HER

In every heart, a woman lies,
With strength that soars and never dies.
She paints the world with colors bright,
Guiding us through the darkest night.

Her smile, a beacon, pure and true,
Her courage shines in all she'll do.
With grace, she dances through each day,
Her kindness lighting up the way.

In her embrace, we find our peace,
Her love, a gift that will not cease.
So here's to women, strong and kind,
In every heart, a treasure we find.

Isabel Michel
IX E

# കാലത്തിന്റെ കാതിലെ മന്ത്രം!!!

കാലത്തിന്റെ കാതിലെ മന്ത്രമായി നീയും എങ്ങുമോ കിലുങ്ങുമീ പുഞ്ചിരി
മുക്തങ്ങൾ ചിറകറ്റു പോയൊരു ശലഭമാകവേ
ഏതോ കോണിൽ മനസറ്റ് നീ വസിക്കയോ
നിൻ ചിലങ്കയുടെ വസന്ത മണികൾ എൻ കാതുകൾക്ക് മന്ത്ര മധുരഗീതമോ
ആദ്യമായി ദൂരെ സ്വപ്നത്തിന്റെ കണികകളിൽ നിശബ്ദമായി എങ്ങോ ഒരു
ഇതളറ്റ  പുഷ്പ മാകവേ
എത്ര ഭംഗിയാം നിൻ മുഖം എൻ കണ്ണുകൾക്ക് ഇന്നൊരു സ്വപ്നമാം നിലാവ്
എങ്ങും എന്നെന്നേക്കുമായി അകന്നുവോ
മന്ത്ര മധുരമാം നിൻ ശബ്ദം  എങ്ങോ ഇരുട്ടിൽ മറഞ്ഞുവോ

Niranjana.C.Mohanan
8C

# നന്ദി

നന്ദി
അക്ഷരമാലകൾക്കൊപ്പം
സമയത്തിനും
കാലത്തിനും
അറിവിന്റെ ചെപ്പ്
തുറന്നു തന്ന
അധ്യാപകർക്കും
വിദ്യാലയത്തിനും
അമ്മയ്ക്കും അച്ഛനും
സ്നേഹം നിറഞ്ഞ
സകലർക്കും